# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 190      25.04.2017 ൽ മറുപടിയ്ക്ക്

## കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ ചെറുക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ.എൽദോ എബ്രഹാം | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

(എ) സംസ്ഥാനത്ത് കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ ഏറിവരുന്ന സാഹചര്യത്തിൽ ആയതിനെ ചെറുക്കു-ന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പിങ്ക് പോലീസ് കൺട്രോൾ റൂം ആറ് ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. രണ്ട് ജില്ലകളിൽ കൂടി ടി കൺട്രോൾ റൂം ഉടനെ ആരംഭിക്കുന്നതാണ്. ഉടനെതന്നെ എല്ലാ ജില്ലകളിലും പിങ്ക് പോലീസ് കൺട്രോൾ റൂം നടപ്പിൽ വരുത്തുന്നതാണ്. കൺട്രോൾ റൂമുമായി ബന്ധപ്പെടുന്നതിലേയ്ക്ക് 1515 എന്ന ടോൾ ഫ്രീ നമ്പർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വനിതാ പോലീസ് മാത്രം ഉൾപ്പെടുന്ന പിങ്ക് പോലീസ് പട്രോൾ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി പിങ്ക് പോലീസ് ബീറ്റ് സംവിധാനവും തുടങ്ങിയിട്ടുണ്ട്. 2017-2018-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ച വനിതാ പോലീസ് ഓഫീസറുടെ പഞ്ചായത്ത് സന്ദർശനം നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ഒരു വനിതാ പോലീസുദ്യോ-ഗസ്ഥയെ പഞ്ചായത്ത് ബീറ്റ് ഓഫീസറായി നാമനിർദ്ദേശം ചെയ്യുന്നതാണ്. ടി വനിതാ പോലീസുദ്യോഗസ്ഥ എല്ലാ ചൊവ്വാഴ്ചകളിലും 10.30 എ.എം.നും 01.00 പി.എം.നും ഇടയ്ക്കുള്ള സമയത്ത് ബന്ധപ്പെട്ട പഞ്ചായത്ത് ഓഫീസ് സന്ദർശിക്കുന്നതാണ്. ഏതെങ്കിലും ഒഴിവാക്കാ-നാവാത്ത അത്യാവശ്യ കാര്യങ്ങളാൽ സന്ദർശനം നടത്താൻ സാധിച്ചിട്ടില്ലെങ്കിൽ

ആയത് അടുത്തു വരുന്ന വ്യാഴാഴ്ച സന്ദർശനം നടത്തുന്നതാണ്. ടി ഉദ്യോഗസ്ഥ സ്ത്രീകളുടേയും കുട്ടികളുടേയും പരാതികൾ സ്വീകരിക്കുകയും അപ്പോൾ പരിഹരിക്കുവാൻ കഴിയുന്നവ ഉടൻ തന്നെ പരിഹരിച്ചും മറ്റുള്ളവ ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് അനന്തര നടപടികൾക്കായി കൈമാറുന്നതുമാണ്. ഇതിനു പുറമേ കുട്ടികൾക്കെതിരെ അതിക്രമങ്ങൾ നടത്തുന്നവർക്കെതിരെ POCSO, IPC എന്നീ നിയമങ്ങൾ പ്രകാരം കർശന നടപടികൾ സ്വീകരിച്ചു വരുന്നു.

ഇതിനുപുറമെ സംസ്ഥാനത്ത് തിരുവനന്തപുരം സിറ്റിയിലെ ഫോർട്ട്, കൊല്ലം സിറ്റിയിലെ കൊല്ലം ഈസ്റ്റ്, കൊച്ചി സിറ്റിയിലെ കടവന്ത്ര, തൃശ്ശൂർ സിറ്റിയിലെ തൃശ്ശൂർ ടൗൺ ഈസ്റ്റ്, കോഴിക്കോട് സിറ്റിയിലെ കോഴിക്കോട് ടൗൺ, കണ്ണൂരിലെ കണ്ണൂർ ടൗൺ എന്നീ ആറ് പോലീസ് സ്റ്റേഷനുകൾ ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ ആക്കി മാറ്റുന്നതിനു വേണ്ടി അഞ്ച് ലക്ഷം രൂപ വീതം അനുവദിക്കുകയുണ്ടായി.

| | | | |
|---|---|---|---|
| (ബി) | POCSO (Protection of Children from Sexual Offenses Act) ആക്ട് സംബന്ധിച്ച് ദൃശ്യ, ശ്രാവ്യ, പത്ര മാധ്യമങ്ങളിലൂടെയും മറ്റും വ്യാപക ബോധവത്കരണം നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; | (ബി) | കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾക്കെതിരെയും POCSO നിയമം സംബന്ധിച്ചുള്ള അറിവും നൽകുന്നതിനായി ജനമൈത്രി പോലീസ് പദ്ധതിയിലൂടെയും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയിലൂടെയും സ്കൂളുകൾ, കോളേജുകൾ, റസിഡൻഷ്യൽ അസോസിയേഷൻ മുഖേനയും വ്യാപകമായ ബോധവൽക്കരണം നടത്തി വരുന്നുണ്ട്. |
| (സി) | പോക്സോ നിയമ പ്രകാരം എടുത്ത കേസുകളിൽ ശിക്ഷിക്കപ്പെടുന്നതിനേക്കാൾ വളരെ കൂടുതലാണ് ശിക്ഷിക്കപ്പെടാതിരിക്കുന്ന കേസുകൾ എന്നത് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ? | (സി) | കുട്ടികൾക്കെതിരെ നടന്ന പീഡനങ്ങൾക്ക് പോക്സോ നിയമ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റവാളികൾക്കെതിരെ കുറ്റപത്രം തയ്യാറാക്കി ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിച്ചു വരുന്നുണ്ട്. ഇതിൽ വിചാരണ പൂർത്തിയായ കേസുകളിൽ കൂടുതലും ശിക്ഷിക്കപ്പെടാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.